# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 2084

23-03-2012-ൽ മറുപടിക്ക്

## ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി ചാർജ്ജ് നിരക്ക്.

ചോദ്യം

ശ്രീ. എം. ഹംസ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

(എ) ഗാർഹിക ഉപഭോക്താക്കൾ (എ) ക്കുള്ള വൈദ്യുതി ചാർജ്ജ് നിരക്ക് എപ്രകാരമാണ്;

ഗാർഹിക ഉപഭോക്താക്കളെ LT-I (a) താരിഫ് വിഭാഗത്തിലാണ് ഉൾപ്പെടുത്തി യിരിക്കുന്നത്. LT-I (a) വിഭാഗത്തിൻെറ താരിഫ് നിരക്കുകൾ താഴെപറയും പ്രകാരമാണ്.

| സ്ലാബ് | എനർജി ചാർജ്ജ് (യൂണിറ്റൊന്നിന്) |
|---|---|
| 40 യൂണിറ്റു വരെ | 115 പൈസ |
| 41മുതൽ 80 വരെ | 190 പൈസ |
| 81മുതൽ120 വരെ | 240 പൈസ |
| 121 മുതൽ 150 വരെ | 300 പൈസ |
| 151 മുതൽ 200 വരെ | 365 പൈസ |
| 201 മുതൽ 300 വരെ | 430 പൈസ |
| 301 മുതൽ 500 വരെ | 530 പൈസ |
| 500 യൂണിറ്റിനു മുകളിൽ | 545 പൈസ |

ഇതു കൂടാതെ ഇലക്ട്രിസിറ്റി ഡ്യൂട്ടിയും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ

നിശ്ചയിക്കുന്ന നിരക്കിലുള്ള ഫ്യുവൽ സർചാർജ്ജും ബാധകമായിരിക്കും .

| | | | |
|---|---|---|---|
| (ബി) | ദ്വൈമാസ മീറ്റർ റീഡിംഗിൽ കിട്ടുന്ന യൂണിറ്റിൽ നിന്നും പ്രതിമാസ ഉപ ഭോഗം കണക്കാക്കിയാണോ ചാർജ്ജ് നിശ്ചയിക്കുന്നത്; | (ബി) | ദ്വൈമാസഉപഭോഗത്തിൽ നിന്ന് പ്രതിമാസ ഉപഭോഗം കണക്കാക്കിയാണ് വൈദ്യുതി ചാർജ്ജ് നിശ്ചയിച്ചിരിക്കുന്നത്. |
| (സി) | വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നത് ദ്വൈമാസ ഉപഭോഗപ്രകാരമാകുമ്പോൾ നിരക്കിൽ വൻ വർദ്ധവ് വരുന്നതിന് കാരണമാകുമെന്ന് വിലയിരു ത്തിയിട്ടുണ്ടോ; | (സി) | ദ്വൈമാസ ഉപഭോഗത്തിൽ നിന്ന് പ്രതിമാസ ഉപഭോഗം കണക്കാക്കി വൈദ്യുതി ചാർജ്ജ് കണക്കാക്കുമ്പോൾ ഒരു തരത്തിലുള്ള വർദ്ധനവുമുണ്ടാകുന്നില്ല. |
| (ഡി) | സ്ലാബ് നിശ്ചയിച്ചിരിക്കുന്നത് ദ്വൈമാസ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ ഗാർഹിക ഉപഭോക്താ ക്കളിൽ നിന്നും അമിത ചാർജ്ജ് ഈടാക്കുന്നതിന് ഇത് കാരണമാകുമോ; | (ഡി) | സ്ലാബ് നിശ്ചയിച്ചിരിക്കുന്നത് പ്രതിമാസ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതുമൂലം ഉപഭോക്താക്കളിൽ നിന്നും അമിത ചാർജ്ജ് ഈടാക്കുന്നില്ല. |
| (ഇ) | പല ഇലക്ട്രിക്കൽ സെക്ഷനുകളിലും ദ്വൈമാസ മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ ഉപഭോഗം കണക്കാക്കാതെ വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | പ്രതിമാസ ഉപഭോഗം കണക്കാക്കാതെ ദ്വൈമാസ മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ മാത്രം വൈദ്യുതി ചാർജ്ജ് ഈടാക്കുന്നില്ല. |

(എഫ്) ദ്വൈമാസ മീറ്റർ റീഡിംഗിൽ 230 യൂണിറ്റ് ഉപഭോഗമുള്ള ഒരാൾക്ക് വൈദ്യുതി ചാർജ്ജ് എത്ര രൂപയാണ്?

(എഫ്) ദ്വൈമാസ മീറ്റർ റീഡിംഗ് 230 യൂണിറ്റ് ഉപഭോഗമുള്ള ഒരാളുടെ വൈദ്യുതി ചാർജ്ജ് ഇലക്ട്രിസിറ്റി ഡ്യൂട്ടിയും ഫ്യൂവൽ സർചാർജ്ജും ഒഴികെ 412 രൂപയാണ്.

**സെക്ഷൻ ഓഫീസർ.**